is Rs. 75,952. No expenditure has yet been incurred. The Operation room work has been entrusted on contract.

271. Mr. Popatlal Goverdhan Lalan.—Out of the donation from His Highnesa of three lakhs of rupees what is the sum allotted for the Mattancheri Male Hospital and what amount has so far been spent and in which manner?

Mr. V. K. Aravindaksha Menon.—Rupees 75,952. The work of the Operation room has been let on contract. No expenditure has yet been incurred.

Gambling in Public Places at Ernakulam.

272. മിസ്റ്റർ കെ. പി. വള്ളോൻ.— എറണാകുളം പട്ടണത്തിലുള്ള പബ്ലിക്ക് സ്ഥലങ്ങളിൽ വെച്ചു ദിനന്തോറും പരസ്യമായി നടത്തിവരുന്ന കവർപ്പെ മുതലായ കളികൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും അനുമതി കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഇതിൽ പറയുന്ന യാതൊരു കളികളും എറണാകുളത്തു നടത്തുന്നില്ല. ഗവൺമെണ്ടിൽ നിന്നും അനുവാദവും കൊടുത്തിട്ടില്ല. കൂടാതെ, മേൽപറഞ്ഞ കളി നടത്തുന്നവരെ നിയമപ്രകാരം പ്രോസിക്യൂട്ട ചെയ്യുവാൻ കീഴദ്യോഗസ്ഥന്മാർക്കും നിഷ്കർഷയായി കല്പനയും കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—കളികൾ നടത്തുന്നില്ലെന്നുള്ള അറിവു് ആരിൽനിന്നാണു കിട്ടീട്ടുള്ളതു് ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—പോലീസുകാരിൽ നിന്നു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഈ ചോദ്യം കിട്ടിയതിൽ പിന്നെ പ്രത്യേകം അന്വേഷണം നടത്തീട്ടുണ്ടോ എന്നു ദയവായി പറയുമോ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ — അടുത്തു തന്നെ ഇതിനെപ്പറ്റി അന്വേഷണം ഉണ്ടായിട്ടുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം. ഈ ചോദ്യം കിട്ടിയതിനു ശേഷം വല്ല അന്വേഷണവും നടത്തീട്ടുണ്ടോ എന്നു തീർച്ചു പറയാമോ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— ഇതിനു മുമ്പോ, പിന്നീടോ എന്നു നിശ്ചയമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ആരാണു് അന്വേഷിച്ചതു് ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— പോലീസുകാർ.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— പോലീസുകാരെന്നുവച്ചാൽ ഇൻസ്പെക്ടർമാരോ, കാൺസ്റ്റബിൾമാരോ ആരാണു് ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഇൻസ്പെക്ടർ, ഡി. എസ്സ്. പി. മുതലായവർ അന്വേഷിച്ചു.

മിസ്റ്റർ കെ എം. ഇബ്രാഹിം.— അവരുടെ റിപ്പോർട്ട് കിട്ടീട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly